**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 766** **11-06-2024 - ൽ മറുപടിയ്ക്ക്**

**കേരള-ഗൾഫ് കപ്പൽ സർവ്വീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഗൾഫ് പ്രവാസികൾക്ക് ആശ്വാസമാകുന്ന കേരള-ഗൾഫ് യാത്ര കപ്പൽ സർവ്വീസ് യാഥാർത്ഥ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ നൽകാമോ? | (എ) | ഉണ്ട്. ഗൾഫ് രാജ്യങ്ങളിൽ നിന്ന് കേരളത്തിലേയ്ക്കും തിരികെ ഗൾഫ് രാജ്യങ്ങളിലേയ്ക്കുമായി സർവ്വീസ് നടത്തുവാൻ PPP (Public Private Partnership) മോഡലിൽ പാസഞ്ചർ ഷിപ്പ് സർവ്വീസ് നടത്തുവാൻ വിവിധ ഷിപ്പിംഗ് കമ്പനികളെ ആകർഷിക്കുന്ന തിനായി 08 മാർച്ച് 2024 ൽ കേരള മാരിടൈം ബോർഡ് താത്പര്യപത്രം ക്ഷണിക്കുകയും, ഇതിന് തുടർച്ചയായി 27 മാർച്ച് 2024 ൽ എറണാകുളം ഗവൺമെന്റ് ഗസ്റ്റ് ഹൗസിൽ വച്ച് പദ്ധതിയിൽ താത്പര്യമുള്ളവരുടെ ഒരു ബിസിനസ് മീറ്റ് നടത്തുകയും ചെയ്തിരുന്നു. ആയത് പ്രകാരം 4 ഷിപ്പിംഗ് കമ്പനികൾ (White Sea Shipping Lines Pvt. Ltd, Full Ahead Marine & Offshore Private LtD, Ron Maritime Limited, Jabal Ventures Pvt. Ltd) കേരള മാരിടൈം ബോർഡിന് മുമ്പാകെ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. 21/05/2024 ൽ കേരള മാരിടൈം ബോർഡ് ചെയർമാന്റെ അദ്ധ്യക്ഷതയിൽ കൂടിയ മീറ്റിംഗിൽ 2 കമ്പനികളുടെ (White Sea Shipping Lines Pvt. Ltd, Jabal Ventures Pvt. Ltd) പ്രതിനിധികളുമായി ചർച്ച നടത്തുകയും ചെയ്തു. ടി മീറ്റിംഗിൽ, വിശദമായ റിപ്പോർട്ട് 2 ആഴ്ചയ്ക്കകം സമർപ്പിക്കുവാൻ പ്രതിനിധികളോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ